ശിക്ഷാനടപടികളായ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് ബഹു. കോടതിയുടെ പരിഗണനയ്ക്കു വിടുക, വാച്യേതരവും അല്ലാത്തതുമായ അന്വേഷണം എന്നീ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

മാറാട് കലാപം

35 [748] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപത്തെത്തുടർന്ന് കൊള്ളയടിക്കപ്പെട്ട വീട്ടുപകരണങ്ങൾ, ആഭരണങ്ങൾ എന്നിവ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) കൊള്ള നടത്തിയതിന്റെ പേരിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തെന്നും അറിയിക്കാമോ;

(സി) കൊള്ളയെത്തുടർന്ന് വീട്ടുപകരണങ്ങളും ആഭരണങ്ങളും നഷ്ടപ്പെട്ടവർക്ക് സഹായധനം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) സഹായധനം നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരത്തിൽ ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് സ്പെഷ്യൽ സ്കാഡ് മുഖേന അന്വേഷണം നടത്തിവരുന്നു.

(ബി) 198 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരേയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി, ഡി) ഇല്ല. എന്നാൽ 2003 മേയിൽ മാറാടുണ്ടായ വർഗ്ഗീയ സംഭവത്തെ തുടർന്ന് വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ട പ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന 1,51,96,500 രൂപയുടെ (ഒരു കോടി അമ്പത്തിയൊന്നു ലക്ഷത്തി തൊണ്ണൂറ്റിയാറായിരത്തി അഞ്ഞൂറു രൂപ) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ഇ) അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടി സ്വീകരി ക്കുന്നതാണ്.

മാറാട് സംഭവത്തിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ

36 [749] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവത്തെത്തുടർന്ന് ആരുടെയെല്ലാം ആശ്രിതർക്കാണ് നഷ്ട പരിഹാരം നൽകിയതെന്നും ആർക്കൊക്കെയാണ് നഷ്ടപരിഹാരം നൽകിയതെന്നും ഓരോരുത്തർക്കും നൽകിയ തുക എത്രയാണെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly